**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5331** **05-07-2024 - ൽ മറുപടിയ്ക്ക്**

**പുറക്കാട് വില്ലേജിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് വില്ലേജിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമായിട്ടുണ്ടോ; എന്നാണ് ഈ ഭൂമി ലഭ്യമായതെന്നും എത്ര അളവ് ഭൂമിയാണ് ലഭിച്ചിട്ടുള്ളതെന്നും എന്ത് വ്യവസ്ഥയിലാണ് ഭൂമി അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 24/06/2011-ലെ G.O(MS) No. 233/11/ റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ. 21-ലെ സർവ്വെ നമ്പർ. 281/1-ൽ 2 ഏക്കർ ഭൂമി വിനിയോഗിക്കുന്നതിന് സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗാനുമതി നല്കിയിട്ടുണ്ട്.<br><br>1.അനുവദിച്ച ആവശ്യത്തിന് മാത്രമെ ഭൂമി ഉപയോഗിക്കുവാൻ പാടുള്ളു.<br><br>2. അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം.<br><br>3.ഭൂമി അന്യാധീനപ്പെടുത്തുവാനോ, ദുരുപയോഗം ചെയ്യുവാനോ, ഉപപാട്ടത്തിന് നല്കുവാനോ, പണയപ്പെടുത്തുവാനോ പാടില്ല. |
| (ബി) | ഭൂമി ലഭ്യമായി നാളുകൾ കഴിഞ്ഞിട്ടും ഇവിടെ ഗോഡൗൺ നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; എന്നത്തേക്ക് പ്രസ്തുത നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിന് കീഴിലുള്ള സ്ഥലമായതിനാൽ പദ്ധതിക്ക് സർക്കാർ അനുമതി വേണമെന്ന് കാണിച്ച് സ്റ്റോപ്പ് മെമ്മോ റവന്യൂ അധികൃതർ നല്കിയതിനെ തുടർന്നാണ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടത്. എന്നാൽ പ്രസ്തുത ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി നീക്കിവയ്ക്കണമെന്നുള്ള വ്യവസ്ഥയിൽ ടി ഭൂമിയുടെ സ്വഭാവ വ്യതിയാനം നടത്തുന്നതിന് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 27എ(9) പ്രകാരം 17.04.2023ലെ സ.ഉ.(കൈ)നം.30/2023/കൃഷി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വെയർഹൗസിംഗ് കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ് എന്ന് |

| | | | |
|---|---|---|---|
| | | | സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ